**15 -ാം കേരള നിയമസഭ**

**2 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 2990** **03-08-2021 - ൽ മറുപടിയ്ക്ക്**

**ക്ഷീരകർഷകർ നേരിടുന്ന പ്രതിസന്ധി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. മോൻസ് ജോസഫ്,<br>ശ്രീ. അനൂപ് ജേക്കബ് ,<br>ശ്രീ. പി. ജെ. ജോസഫ്,<br>ശ്രീ. മാണി. സി. കാപ്പൻ | | Smt J Chinchurani<br>(മൃഗസംരക്ഷണ-ക്ഷീരവികസന വകുപ്പ് മന്ത്രി) | |
| (എ) | സംസ്ഥാനത്ത് ലോക്ക്ഡൗൺ കാരണം പാലിന്റെ ഉപഭോഗം കുറഞ്ഞുവരുന്നതിനാൽ ക്ഷീരകർഷകർ വളരെയേറെ കഷ്ടപ്പെടുന്ന സാഹചര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; വിശദീകരിക്കാമോ; | (എ) | ഉണ്ട്. കോവിഡ് മഹാമാരിയുടെ പശ്ചാത്തലത്തിൽ ഹോട്ടലുകളും മറ്റ് വ്യാപാര സ്ഥാപനങ്ങളും പ്രവർത്തിക്കുന്നതിന് നിയന്ത്രണങ്ങൾ ഏർപ്പെടുത്തിയിട്ടുള്ള സാഹചര്യത്തിൽ പാലിന്റെ വില്പന കുറഞ്ഞിട്ടുണ്ട്. ക്ഷീരകർഷകർ ലഭ്യമാക്കുന്ന മുഴുവൻ പാലും ക്ഷീരസംഘങ്ങൾ വഴി സംഭരിക്കുന്നതിന് നിർദ്ദേശം നൽകിയിട്ടുണ്ട്. കൂടാതെ ക്ഷീര സംഘങ്ങളിൽ നിന്നും വാങ്ങുന്ന കാലിത്തീറ്റയ്ക്ക് ഒരു ചാക്കിന് 400/- രൂപ എന്ന നിരക്കിൽ ധനസഹായം നൽകിവരുന്നുണ്ട്. |
| (ബി) | കാലിത്തീറ്റയുടെ ക്രമാതീതമായ വിലക്കയറ്റവും പാലിന് അർഹമായ വില കിട്ടാത്തതും ക്ഷീരകർഷകരെ പ്രതിസന്ധിയിലായിരിക്കുന്നതിനാൽ സബ്സിഡി നിരക്കിൽ കാലിത്തീറ്റ ലഭ്യമാക്കുന്നതിന് നടപടി സ്വീകരിക്കുമോ; വിശദാംശം വെളിപ്പെടുത്താമോ; | (ബി) | പ്രത്യേക കാലിത്തീറ്റ പാക്കേജിന്റെ ഭാഗമായി 11.23 കോടി രൂപയുടെ 2.81 ലക്ഷം ചാക്ക് കാലിത്തീറ്റ 2.04 ലക്ഷം ക്ഷീരകർഷകർക്ക് പ്രയോജനപ്പെടുന്ന വിധം നടപ്പിലാക്കിവരുന്നു. കൂടാതെ ക്ഷീര സംഘങ്ങളിൽ പാലളക്കുന്ന ക്ഷീര കർഷകർക്ക് തദ്ദേശ സ്വയംഭരണ വകുപ്പ് മുഖേന കാലിത്തീറ്റ സബ്സിഡിയും നൽകി വരുന്നു. |
| (സി) | കാലിത്തീറ്റയുടെയും കോഴിത്തീറ്റയുടെയും ക്രമാതീതമായ വില വർദ്ധനവ് നിയന്ത്രിക്കുവാൻ എന്ത് നടപടി സ്വീകരിക്കാൻ ഉദ്ദേശിക്കുന്നുവെന്ന് വ്യക്തമാക്കാമോ; | (സി) | കേരളത്തിൽ പാലുല്പാദനത്തിൽ വർദ്ധനവ് രേഖപ്പെടുത്തിയിട്ടുണ്ടെങ്കിലും സമീകൃത കാലിത്തീറ്റയെ ആശ്രയിച്ചുകൊണ്ടുള്ള പാലുല്പാദനം വളരെ ചെലവേറിയതാണ്. ഇത് കർഷകർക്ക് നഷ്ടമുണ്ടാക്കുന്നു. ഇതിനെ മറികടക്കുക എന്ന ലക്ഷ്യത്തോടെ ക്ഷീരവികസന വകുപ്പ് സംസ്ഥാനത്തുടനീളം തീറ്റപ്പുൽകൃഷി പദ്ധതി ആവിഷ്കരിച്ച് നടപ്പിലാക്കിവരുന്നു. കൂടാതെ പാരമ്പര്യേതര തീറ്റവസ്തുക്കൾ ഉപയോഗിച്ചു കൊണ്ട് കാലിത്തീറ്റ നിർമ്മാണത്തിനായുള്ള ഒരു നൂതനപദ്ധതിയും പുരോഗമിച്ചു വരുന്നു. |
| (ഡി) | പാലുല്പാദനം ഗണ്യമായി വർദ്ധിക്കുന്ന | (ഡി) | പാലുല്പാദനം ഗണ്യമായി വർദ്ധിച്ചിട്ടുള്ള നിലവിലെ |

| | | | |
|---|---|---|---|
| | സാഹചര്യമുണ്ടായാൽ അനുബന്ധ ഉൽപ്പന്നങ്ങൾ ഉണ്ടാക്കുന്നതിനുള്ള യൂണിറ്റുകൾ സ്ഥാപിക്കാൻ നടപടി സ്വീകരിക്കുമോ; ഇതുസംബന്ധിച്ചുള്ള നയം വ്യക്തമാക്കാമോ; ക്ഷീരകർഷകർ കോവിഡ് കാലഘട്ടത്തിൽ നേരിടുന്ന പ്രതിസന്ധിക്ക് പരിഹാരം കണ്ടെത്താൻ നടപടി സ്വീകരിയ്ക്കുമോ? | | സാഹചര്യത്തിൽ എല്ലാ മിൽമ പ്ലാന്റുകളിലും പാലുല്പന്നങ്ങൾ നിർമ്മിച്ചു വരുന്നു. സംസ്ഥാനത്തിനകത്ത് പാൽപ്പൊടി നിർമ്മിക്കുന്നതിന്റെ ഭാഗമായി മലപ്പുറം ജില്ലയിലുള്ള മൂർക്കനാട് കേന്ദ്രമാക്കി ആധുനിക പാൽപ്പൊടി നിർമ്മാണ ഫാക്ടറിയുടെ നിർമ്മാണ പ്രവർത്തനങ്ങൾ പുരോഗമിച്ചു വരുന്നു. കോവിഡ് നിരീക്ഷണ ത്തിലുള്ള ക്ഷേമനിധി അംഗങ്ങൾക്ക് 2,000/- രൂപയും, കോവിഡ് ബാധിതരായ ക്ഷേമനിധി അംഗങ്ങൾക്ക് 10,000/- രൂപയും, കൂടാതെ മാർച്ച് 1 മുതൽ 20 വരെ ക്ഷീരസംഘങ്ങളിൽ പാൽ അളന്നിട്ടുള്ള ക്ഷേമനിധി അംഗങ്ങൾക്ക് ലിറ്ററിന് 1.00 രൂപ നിരക്കിൽ ആശ്വാസ ധനസഹായവും ക്ഷീര കർഷക ക്ഷേമനിധി ബോർഡ് മുഖാന്തരം നൽകിയിട്ടുണ്ട്. (കുറഞ്ഞത് 250/- രൂപ പരമാവധി 1,000/- രൂപ). |

സെക്ഷൻ ഓഫീസർ